"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കണ്ണൂർ കളക്ടറേറ്റിൽ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ആയി ജോലി നോക്കി വരവെ **15.10.2024** ൽ മരണപ്പെട്ട കെ. നവീൻ ബാബുവിന്റെ മകളായ കുമാരി നിരഞ്ജന എൻ. നായർക്ക് വരുമാന പരിധിയിൽ ഇളവ് നല്കി ഭക്ഷ്യ സുരക്ഷാ വകുപ്പിൽ, ഭക്ഷ്യ സുരക്ഷാ ഓഫീസറായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.**193/2026/RD** തിരുവനന്തപുരം, **23-06-2026**

---

പരാമർശം:-

1. **12.06.1996** ലെ സ.ഉ.(പി)നം.**460/1996**/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. **24/05/1999** ലെ സ.ഉ.(പി)നം.**12/1999**/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
3. **28.04.2018** ലെ സ.ഉ.(അച്ചടി)നം.**7/2018**/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
4. കുമാരി നിരഞ്ജന എൻ. നായർ സമർപ്പിച്ച **27.02.2025** ലെ അപേക്ഷ.
5. **29.03.2025** ലെ സ.ഉ.(അച്ചടി)നം.**4/2025**/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
6. പത്തനംതിട്ട ജില്ലാ കളക്ടറുടെ **21.07.2025** ലെ **DCPTA/1808/2025-S4** നമ്പർ കത്ത്.
7. ലാൻഡ് റവന്യൂ കമ്മീഷണറുടെ **16.09.2025** ലെ **LR/3493/2025-LR(L3)** നമ്പർ കത്ത്.
8. **09.11.2025** ലെ സ.ഉ.(അച്ചടി)നം.**15/2025**/ഉ.ഭ.പ.വ. നമ്പർ

സർക്കാർ ഉത്തരവ്.

9. ശ്രീമതി മഞ്ജുഷ (W/o Late കെ. നവീൻ ബാബു) സമർപ്പിച്ച 05.06.2026 ലെ അപേക്ഷ.

**ഉത്തരവ്**

1. റവന്യൂ വകുപ്പിൽ കണ്ണൂർ കളക്ടറേറ്റിൽ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ആയി ജോലി നോക്കി വരവേ 15.10.2024 ൽ മരണപ്പെട്ട കെ. നവീൻ ബാബുവിന്റെ മകളായ കുമാരി നിരഞ്ജന എൻ. നായർ, മുൻഗണനാ ക്രമത്തിൽ പത്തനംതിട്ട, കൊല്ലം, ആലപ്പുഴ ജില്ലകളിൽ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തസ്തിക / റവന്യു വകുപ്പിൽ തത്തുല്യ തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (3), (5) എന്നീ ഉത്തരവുകൾ പ്രകാരം ആശ്രിത നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയായ 8 ലക്ഷം രൂപയ്ക്ക് മുകളിലാണ് അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം എന്നതിനാൽ ടിയാളുടെ ആശ്രിത നിയമനത്തിനായുള്ള അപേക്ഷയിന്മേൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടറുടെ പരാമർശം (6) ലെ റിപ്പോർട്ട് സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (7) പ്രകാരം സർക്കാരിൽ പ്രൊപോസൽ സമർപ്പിച്ചിരുന്നു. കൂടാതെ അപേക്ഷകയ്ക്ക് ഭക്ഷ്യ സുരക്ഷ, സിവിൽ സപ്ലൈസ് വകുപ്പുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ഫുഡ് സേഫ്റ്റി ഓഫീസർ, ജൂനിയർ മാനേജർ (ക്വാളിറ്റി അഷ്വറൻസ്) തുടങ്ങിയ ഏതെങ്കിലും തസ്തികകളിൽ ഒഴിവുള്ള പക്ഷം ജോലി നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരേതന്റെ ഭാര്യ, ശ്രീമതി കെ. മഞ്ജുഷ പരാമർശം (9) പ്രകാരം അപേക്ഷിച്ചിരുന്നു.

2. പരേതനായ കെ. നവീൻ ബാബുവിന് 31 വർഷം 07 മാസം 29 ദിവസം സർവ്വീസുണ്ടായിരുന്നു. ടിയാൻ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച വ്യക്തിയല്ലെന്ന് പരാമർശം (7) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കുമാരി നിരഞ്ജന എൻ. നായർ പരേതന്റെ

നിയമാനുസൃത അവകാശിയാണ്. പരേതന്റെ മറ്റ് അവകാശികൾ ആശ്രിത നിയമനത്തിനുള്ള അവകാശം അപേക്ഷകയ്ക്ക് നല്കി കൊണ്ട് സമ്മതപത്രം നൽകിയിട്ടുണ്ട്. പരേതന്റെ മരണ ശേഷം കുടുംബത്തിലെ ആർക്കും തന്നെ ഈ പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം നൽകിയിട്ടില്ല. അപേക്ഷകയുടെ ജനന തീയതി **31.05.1999** ആണ്. ടിയാൾക്ക് ഇപ്പോൾ **27** വയസ്സുണ്ട്. അപേക്ഷക ബി.ടെക് ഫുഡ് ടെക്നോളജി ബിരുദധാരിയാണ്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം **₹10,58,924/-** (പത്ത് ലക്ഷത്തി അൻപത്തി എട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിനാല് രൂപ) ആണ്. അപേക്ഷക സംരക്ഷണ സമ്മതമൊഴി നൽകിയിട്ടുണ്ട്. ടിയാൾക്ക് ഫുഡ് സേഫ്റ്റി ഓഫീസർ, ക്ലാർക്ക് എന്നീ തസ്തികകകളിലെ നിയമനത്തിന് യോഗ്യതയുണ്ടെന്നും അപേക്ഷയോടൊപ്പമുള്ള അനുബന്ധ രേഖകളിലെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിച്ച തീയതിയായ **06.06.2025** ആണ് വാലിഡ് ആപ്ലിക്കേഷൻ തീയതിയെന്നും പരാമർശം **(7)** പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യൂ വകുപ്പിൽ കണ്ണൂർ കളക്ടറേറ്റിൽ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ആയി ജോലി നോക്കി വരവേ മരണപ്പെട്ട കെ. നവീൻ ബാബുവിന്റെ മകളായ കുമാരി നിരഞ്ജന എൻ. നായർ, കാരുവള്ളിൽ, മലയാലപ്പുഴ, താഴം പി.ഒ., പത്തനംതിട്ട **689 666**-ന്റെ ആശ്രിത നിയമനത്തിനായുള്ള അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച്, പരാമർശം **(2)** ഉത്തരവിലെയും അനുബന്ധ ഉത്തരവുകളായ പരാമർശം **(3)**, **(5)** ഉത്തരവുകളിലെയും വരുമാന പരിധിയിൽ ഇളവ് നല്കി ഭക്ഷ്യ സുരക്ഷ വകുപ്പിൽ ഭക്ഷ്യ സുരക്ഷാ ഓഫീസറായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4.** പരാമർശം **(2)**, **(5)**, **(8)** ഉത്തരവുകളിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, പൊതു ഭരണ ( സർവീസസ് -ഡി ) വകുപ്പ് ഒഴിവ് കണ്ടെത്തി നല്കുന്ന മുറയ്ക്ക് അപേക്ഷകയ്ക്ക് നിയമനം നൽകുവാനുള്ള നടപടി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നിയമനം നൽകിയ വിവരം പരേതന്റെ സേവന പുസ്തകത്തിലും ടിയാൾ

അവസാനം ജോലി ചെയ്ത കാര്യാലയത്തിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും യഥാവിധി രേഖപ്പെടുത്തേണ്ടതും, ആയത് ഓഫീസ് മേധാവി/ വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

5. നിയമന നടപടിക്രമം പുറപ്പെടുവിക്കുന്നതിനു മുൻപ് ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത, പ്രായം, സ്വഭാവം, മെഡിക്കൽ ഫിറ്റ്നസ് തുടങ്ങിയവ നിലവിലുള്ള ചട്ടങ്ങളുടേയും നിയമാവലിയുടേയും അടിസ്ഥാനത്തിൽ നിയമനാധികാരി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

6. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ, വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക എന്തെങ്കിലും വസ്തുതകൾ മറച്ചുവയ്ക്കുകയോ തെറ്റായി ബോധിപ്പിക്കുകയോ ചെയ്തതായി പിന്നീട് എപ്പോഴെങ്കിലും ബോദ്ധ്യമാകുന്ന പക്ഷവും, നിയമനം നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്യുന്ന പക്ഷവും നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

7. പരാമർശം (1) സർക്കാർ വിജ്ഞാപനം പ്രകാരം അപേക്ഷകയുടെ ജനന തീയതിയിൽ സേവന പുസ്തകത്തിൽ എന്തെങ്കിലും തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനുള്ളിൽ അപേക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജീവൻ ബാബു കെ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. കമ്മീഷണർ, ഭക്ഷ്യസുരക്ഷാ വകുപ്പ്, തിരുവനന്തപുരം.
2. കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, പത്തനംതിട്ട.
4. കുമാരി നിരഞ്ജന എൻ. നായർ, കാരുവള്ളിൽ, മലയാലപ്പുഴ, താഴം പി.ഒ., പത്തനംതിട്ട ജില്ല 689 666 (രജിസ്റ്റേർഡ് തപാൽ മുഖേന).

5. പൊതുഭരണ (സർവീസസ് -ഡി) വകുപ്പ്. (പരാമർശം (5), (8) ഉത്തരവുകൾ പ്രകാരം ഒഴിവ് നിർണ്ണയിച്ചു് ഭക്ഷ്യ സുരക്ഷ വകുപ്പിനെയും റവന്യൂ വകുപ്പിനെയും അറിയിക്കുന്നതിനായി പ്രൊഫോർമ സഹിതം)
6. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (കുമാരി നിരഞ്ജന എൻ. നായർക്ക് നിയമനാനുമതി നല്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നതിലേയ്ക്കായി)
7. പൊതുഭരണ (എസ്.സി) വകുപ്പ് (04.06.2026 ലെ ഇനം നമ്പർ...... പ്രകാരം)
8. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/64/2025-REV-Part(1))

ഉത്തരവിൻ പ്രകാരം
Signed by Sindhu Beegum M S
Date: 23-06-2026 15:11:14
സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
2. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
3. ഓഫീസർ ഓൺ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
4. റവന്യൂ വകുപ്പ് സെക്രട്ടറിയുടെ സി എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-06-2026

ഇനം നം : 31

**O.A.**

വിഷയം : ആഭ്യന്തര വകുപ്പ് - കണ്ണൂർ ജില്ല അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ആയിരുന്ന നവീൻബാബുവിന്റെ മരണകാരണത്തെപ്പറ്റി അന്വേഷിക്കുന്നതിനായി സി.ബി.ഐ. അന്വേഷണം ശിപാർശ ചെയ്യുന്നതും, അദ്ദേഹത്തിന്റെ മകൾ കുമാരി. നിരഞ്ജന എൻ. നായർക്ക് പ്രത്യേക കേസായി പരിഗണിച്ച് ആശ്രിത നിയമനം അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

സെക്രട്ടറി, റവന്യൂ വകുപ്പ്.

Received at 5.17 pm
04.06.26

OA:31

ഒ.എ.02

03.06.2026

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ല അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ആയിരുന്ന നവീൻ ബാബുവിന്റെ മരണകാരണത്തെപ്പറ്റി അന്വേഷിക്കുന്നതിനായി സി.ബി.ഐ അന്വേഷണം ശിപാർശ ചെയ്യുന്നതും അദ്ദേഹത്തിന്റെ മകൾ കുമാരി. നിരഞ്ജന എൻ. നായർക്ക് പ്രത്യേക കേസായി പരിഗണിച്ച് ആശ്രിത നിയമനം അനുവദിക്കുന്നതുമായ കാര്യങ്ങളിലാണ് തീരുമാനമെടുക്കേണ്ടത്.

പ്രസ്തുത കേസിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടും പരേതന്റെ ആശ്രിതയും മകളുമായ കുമാരി നിരഞ്ജന എൻ. നായർക്ക് ആശ്രിത നിയമന വ്യവസ്ഥപ്രകാരം സർക്കാർ ജോലി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മരണപ്പെട്ട നവീൻ ബാബുവിന്റെ ഭാര്യ ശ്രീമതി. മഞ്ജുഷ ബഹു. മുഖ്യമന്ത്രി മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1. ശ്രീമതി മഞ്ജുഷയുടെ നിവേദനം പരിഗണിച്ച് കണ്ണൂർ ജില്ല അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ആയിരുന്ന നവീൻ ബാബുവിന്റെ മരണകാരണം സി.ബി.ഐ മുഖേന അന്വേഷിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണോ?
2. മരണപ്പെട്ട കെ. നവീൻ ബാബുവിന്റെ ആശ്രിതയും മൂത്ത മകളുമായ കുമാരി. നിരഞ്ജന എൻ. നായർക്ക് ആശ്രിത നിയമന വ്യവസ്ഥപ്രകാരം ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകാമോ?